**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4314** **13.12.2018-ൽ മറുപടിക്ക്**

**താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പുനരുദ്ധാരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ.കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ പ്രാഥമിക സഹകരണ സംഘം പ്രതിനിധികളുടെ ഒരു യോഗം 02/02/2018 ൽ കൊല്ലം ജോയിന്റ് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ കൂടുകയും ടി യോഗത്തിൽ കൊല്ലം ജില്ലയിലെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ ബാങ്കിന്റെ ക്ലാസിഫിക്കേഷൻ അടിസ്ഥാനത്തിൽ പലിശരഹിത അഡ്വാൻസായി സ്വരൂപിച്ച് ടി ബാങ്കിനെ പുനരുദ്ധരിക്കുന്നതിന് തീരുമാനിക്കുകയും, ടി തീരുമാനം 06/02/2018 ൽ സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. ടി യോഗതീരുമാനമനുസരിച്ച് തയ്യാറാക്കിയ പുനഃരുദ്ധാരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ബാങ്കിൽ നിന്നും എടുത്ത വായ്പയിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിനുളള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ? | (ബി) | ടി ബാങ്കിൽ നിന്നും വായ്പയെടുത്ത ശേഷം കുടിശ്ശിക വരുത്തിയ മുഴുവൻ ആൾക്കാർക്കുമെതിരെ നിയമാനുസരണം എക്സിക്യൂഷൻ കേസ് ഫയൽ ചെയ്ത് ജപ്തി നടപടികൾ സ്വീകരിച്ചു വരുകയാണ്. |

**സെക്ഷൻ ഓഫീസർ**